LIBRARY ARCHIVES Kerala Legislative Assembly

പി. എസ്. സി. റാങ്ക് ലിസ്റ്റുകൾ

52 [2482] *ശ്രീ. സി. ടി. അഹമ്മദ് അലി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര പി. എസ്. സി. റാങ്ക്‌ലിസ്റ്റുകൾ നിലവിലുണ്ടെന്നും അവ ഏതെല്ലാമാണെന്നും, അതിന്റെ ഓരോന്നിന്റെയും കാലാവധി എത്രയാണെന്നും വ്യക്തമാക്കുമോ;

(ബി) പി.എസ്.സി. ഉദ്യോഗാർത്ഥികളുടെ അപേക്ഷ ക്ഷണിച്ച് ടെസ്റ്റ് നടത്തി റാങ്ക്‌ലിസ്റ്റ് പ്രസിദ്ധീകരിച്ച് ഇന്റർവ്യൂ നടത്തുവാൻ എത്ര കാലം ആകുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ഈ നടപടികൾ പൂർത്തീകരിക്കുന്നതിന് വളരെയധികം കാലം പിടിക്കുന്നതുകൊണ്ട് വളരെ വേഗത്തിൽ പ്രസ്തുത നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പി.എസ്.സി. നവീകരിക്കുന്നതിനും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ)—(ഡി) പി. എസ്. സി.-യിൽ നിന്ന് വിവരം ശേഖരിച്ചുവരുന്നു.

പത്തനംതിട്ട ജില്ലയിലെ എൽ. ഡി. സി. നിയമനം

53 [2483] *ശ്രീ. തമ്പാനൂർ രവി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള എൽ. ഡി. സി. റാങ്ക് ലിസ്റ്റിൽനിന്നും നാളിതുവരെ നടത്തിയ നിയമനങ്ങളുടെ വിശദാംശം വ്യക്തമാക്കാമോ;

(ബി) ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി എന്നാണ് അവസാനിക്കുന്നത്;

(സി) പത്തനംതിട്ട ജില്ലയിൽ നിലവിലുള്ള എൽ. ഡി. സി. ഒഴിവുകൾ വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ഈ ഒഴിവുകൾ റാങ്ക് ലിസ്റ്റിന്റെ കാലാവധി തീരുന്നതിന് മുൻപ് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)—(ഡി) വിവരം ശേഖരിച്ചുവരുന്നു.